Janayugom 04.02.2018




കേരള കാർഷിക സർവ്വകലാശാലയുടെ ത്രിദിന പുസ്തകോൽസവം സന്തോഷ് ഏച്ചിക്കാനം ഉദ്ഘാടനം ചെയ്യുന്നു

# കാർഷിക സർവ്വകലാശാലയിൽ ത്രിദിന പുസ്തകോത്സവം

മണ്ണുത്തി: അറിവും വിജ്ഞാനവും മനുഷ്യ മനസ്സുകളിലേക്ക് സംപ്രേഷണം ചെയ്യാൻ പറ്റിയ ഏറ്റവും നല്ല മാധ്യമം പുസ്തകങ്ങളും ചിത്രങ്ങളും ആണെന്ന് കഥാകൃത്ത് സന്തോഷ് ഏച്ചിക്കാനം പറഞ്ഞു. കേരള കാർഷിക സർവ്വകലാശാലയുടെ ത്രിദിന പുസ്തകോൽസവം ഉദ്ഘാടനം ചെയ്തു സംസാരിക്കുകആയിരുന്നു അദ്ദേഹം. വെള്ളായണി കാർഷിക കോളേജ് ഡീനും ജനറൽ കൌൺസിൽ അംഗവുമായ ഡോ. എ അനിൽകുമാർ അധ്യക്ഷത വഹിച്ചു. സി ആർ ദാസ് മുഖ്യ പ്രഭാഷണം നടത്തി. മാടക്കത്തറ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി എസ് വിനയൻ ലൈബ്രറി ബ്രോഷർ പ്രകാശനം ചെയ്തു. സർവ്വകലാശാല മുൻ ലൈബ്രേറിയൻ അബ്ദുൾ റസാക് ഏറ്റു വാങ്ങി.

കേരള ലളിത കലാ അക്കാദമിയുമായി സഹകരിച്ചു സംഘടിപ്പിച്ചിട്ടുള്ള പെയിൻറിങ് പ്രദർശനം സർവ്വകലാശാല ആസൂത്രണ വിഭാഗം മേധാവിയും ജനറൽ കൌൺസിൽ അംഗവുമായ ഡോ. ടി. പ്രദീപ് കുമാർ ഉദ്ഘാടനം ചെയ്തു. കേന്ദ്ര ലളിത കലാ അക്കാദമി അവാർഡ് ജേതാവ് ആർട്ടിസ്റ്റ് കെ ആർ കുമാരനെ ജനറൽ കൌൺസിൽ അംഗം ഡോ. എ സക്കീർ ഹുസ്സൈൻ ആദരിച്ചു.

സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് നല്ല വായനക്കാരായി തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർക്കും വിദ്യാർഥികൾക്കുമായി അഡ്വ. കെ.രാജൻ എംഎൽഎ സ്പോൺസർ ചെയ്ത പുരസ്കാരങ്ങൾ സന്തോഷ് ഏച്ചിക്കാനം വിതരണം ചെയ്തു.

ഇന്ത്യൻ കാർഷിക ഗവേഷണ കൌൺസിൽ പ്രതിനിധി ഭൂപേന്ദ്ര ദത്ത്, സർവ്വകലാശാല ലൈബ്രേറിയൻ ഡോ. എ റ്റി ഫ്രാൻസിസ്, ഹോർട്ടികൾച്ചർ കോളേജ് അസോസിയേറ്റ് ഡീൻ ഡോ. ജോർജ്ജ് തോമസ്, ജനറൽ കൌൺസിൽ അംഗങ്ങളായ ഡോ.ബി സുമ, കെ ഡി ബാബു, പി കെ ശ്രീകുമാർ, ഡോ. കെ കെ. സത്യൻ, ഡോ. എം സി നാരായണൻ കുട്ടി, ഹെഡ് മിസ്ട്രസ് ടി ജെ മാഗ്ഗി, വിവിധ സ്കൂൾ/ കോളേജുകളിലെ വിദ്യാർഥി യൂണിയൻ ഭാരവാഹികളായ സി എസ് ശ്രീലക്ഷ്മി, എം മുഹമ്മദ് അനീസ്, ജെ ഹിമ, രവീൻ, കോർഡിനേറ്റർ കെ വി അൽഫോൺസ എന്നിവർ സംസാരിച്ചു.